# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : * 124

11.02.2013—ൽ മറുപടിക്ക്

## കാലിത്തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനവും

**ചോദ്യം**

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. പി.കെ.ഗുരുദാസൻ
ശ്രീ. സാജു പോൾ
ശ്രീ. കെ.കെ.നാരായണൻ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) കാലിത്തീറ്റയുടെ ലഭ്യതകുറവും വില വർദ്ധനയും മൂലം പാലുല്പാദനത്തിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു മേഖലാ കാലിത്തീറ്റ കമ്പനി[illegible]. മിൽമ ഫീഡ്സ്, സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സ് എന്നിവ ആവശ്യമുള്ളതിന്റെ 40% കാലിത്തീറ്റ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. സ്വകാര്യ കമ്പനികൾ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയ്ക്ക് വന്നിട്ടുള്ള വമ്പിച്ച വില വർദ്ധനവ് പാലുല്പാദകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ സമയോചിതമായി ഇടപെടുകയും കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തതുമൂലം ഉല്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകാതെ ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ നൽകിയ ശേഷം മാത്രമേ പൊതു വിപണിയിൽ വിപണനം നടത്തുന്നുള്ളൂ. ഇതുമൂലം കാലിത്തീറ്റയുടെ ലഭ്യതക്കുറവ് ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാർ ഉടമസ്ഥതയിലുള്ള കാലിത്തീറ്റ ഫാക്ടറിയായ കേരളാ ഫീഡ്സ് കർഷകർക്ക് ആവശ്യാനുസരണം കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി കോഴിക്കോട്, ഇടുക്കി ജില്ലകളിൽ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.

| | |
|---|---|
| (ബി) ക്ഷീരസംഘങ്ങളിൽ മിൽമ കാലിത്തീറ്റ ലഭിക്കാതിരിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (ബി) ഉണ്ട്. സ്വകാര്യ കമ്പനികൾ കാലിത്തീറ്റയ്ക്ക് വിലകൂട്ടിയതുകാരണം മിൽമാ കാലിത്തീറ്റയ്ക്ക് ആവശ്യകത കൂടിയതും അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ് ഉല്പാദനത്തെ ബാധിച്ചതും മിൽമ കാലിത്തീറ്റ ആവശ്യാനുസരണം സംഘങ്ങളിൽ ലഭ്യമാകുന്നതിന് തടസ്സമാകുന്നുണ്ട്. കൂടാതെ മിൽമയുടെ കീഴിലുള്ള ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ ചുമട്ടുതൊഴിലാളികൾ ഉന്നയിച്ച തർക്കം കാരണം 2012 ഡിസംബർ, 2013 ജനവരി മാസങ്ങളിൽ ഉല്പാദനകുറവ് വന്നിട്ടുണ്ട്. എങ്കിലും കർഷകർക്ക് നൽകേണ്ട കാലിത്തീറ്റയ്ക്ക് കുറവ് വരാതിരിക്കാൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ നേരിട്ട് കാലിത്തീറ്റ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകയും കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (സി) സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് അവർ അളക്കുന്ന പാലിന്റെ അളവിന് ആനുപാതികമായി ലിറ്ററിന് 80 പൈസ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. സർക്കാരിന്റെ വിവിധ പദ്ധതികൾ വഴിയുള്ള ധനസഹായത്തിന് സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് മുൻഗണന നൽകുന്നുണ്ട്. മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകൾ ലഭ്യമാക്കിവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) സംസ്ഥാനത്തെ പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഈ ആനുകൂല്യങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ പരിമിതമാണെങ്കിലും പാലുല്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് വളരെയധികം സഹായകമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## എ) മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ വഴി ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ

- മിൽമ കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 200 രൂപ സബ്സിഡി നൽകിവരുന്നു.
- ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്ക് യൂണിയൻ 2011-12 വർഷം 182 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
- ക്ഷീരകർഷകർക്കായി താഴെപ്പറയുന്ന വിവിധ ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

  1) മെഡിക്കൽ ഇൻഷുറൻസ് ഒരു കുടുംബത്തിന് 50,000 രൂപ വീതം വരെ.
  2) അപകട മരണത്തിന് 75,000, 5 ലക്ഷം രൂപ വീതം ലഭിക്കുന്ന രണ്ട് ഇൻഷുറൻസ് പദ്ധതികൾ.
  3) സ്വാഭാവിക മരണത്തിന് 5000,30,000 രൂപയുടെ ആനുകൂല്യം ലഭിക്കുന്ന രണ്ട് ഇൻഷുറൻസ് പദ്ധതികൾ.

  2011-12 വർഷം കർഷകർക്കായി 142.54 ലക്ഷം രൂപയുടെ ആനുകൂല്യം ഈ പദ്ധതികളിൽ നൽകിയിട്ടുണ്ട്.
- എൽ.ഐ.സി ,ജനശ്രീ, ബീമാ യോജന പദ്ധതിയിൽ ചേർന്ന കർഷകരുടെ IX,X,XI,XII, ഐ.ടി.ഐ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1200 രൂപ പ്രകാരം വാർഷിക സ്കോളർഷിപ്പ്. 2011-12 വർഷം 2012 കുട്ടികൾക്ക് 34.944 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.
- കന്നുകാലി ഇൻഷുറൻസ് 2.4 ശതമാനം പ്രീമിയ നിരക്കിൽ നടപ്പിലാക്കിയിട്ടുണ്ട്. 2011-12 വർഷം 13.77 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.
- മക്കചോളപ്പൊടി, വൈക്കോൽ, പച്ചപ്പുൽ എന്നിവ കിലോയ്ക്ക് 2 രൂപ 50 പൈസ സബ്സിഡിയോട് കൂടി ആവശ്യക്കാരായ കർഷകർക്ക് ഈ വർഷം ഇതുവരെ 1400 മെട്രിക് ടൺ വിതരണം ചെയ്തിട്ടുണ്ട്.
- ഫാം യന്ത്രവൽക്കരണത്തിനായി താഴെപ്പറയുന്ന സബ്സിഡി അനുവദിച്ചു.

| | |
|---|---|
| 1. കറവയന്ത്രം | - 12000 രൂപ |
| 2. റബ്ബർ മാറ്റ് | - 8000 രൂപ |
| 3. തൊഴുത്ത് കഴുകുന്ന യന്ത്രം | - 3000 രൂപ |
| 4. ചാഫ് കട്ടർ (പുല്ലരിയുന്ന യന്ത്രം) | - 3000 രൂപ |
| 5. ജനറേറ്റർ | - 10000 രൂപ |
| 6. സ്ലറി (ചാണക) പമ്പ് | - 5000 രൂപ |
| 7. ബയോഗ്യാസ് പ്ലാന്റ് | -7000 രൂപ |

2011-12 വർഷം 2096 കർഷകർക്കായി 75 ലക്ഷം രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

## ബി) എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ വഴി ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ

- പാലളക്കുന്ന എല്ലാ കർഷകർക്കും ലിറ്ററിന് 2 രൂപ നിരക്കിൽ കാലിത്തീറ്റ ഇൻസെന്റീവ് നൽകുന്നു. കൂടാതെ എല്ലാ വർഷവും വേനൽക്കാല ഇൻസെന്റീവും നൽകിവരുന്നുണ്ട്.
- ലോണെടുത്ത് പശുക്കളെ വാങ്ങുന്ന ഒരു കർഷകന് 6000 രൂപ വരെ പലിശ സബ്സിഡി.
- കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് ഉരു ഒന്നിന് 100 രൂപ വീതം സബ്സിഡി
- കറവയന്ത്രം വാങ്ങുന്ന കർഷകർക്ക് 10000 രൂപ വരെ സബ്സിഡി.
- സംഘം ജീവനക്കാർക്കും കർഷകർക്കും കുടുംബാംഗങ്ങൾക്കും മെഡിക്ലെയിം ഇൻഷ്വറൻസ് പദ്ധതി.
- കർഷകരുടെ പശുക്കൾക്ക് സൗജന്യ മൃഗചികിത്സാസൗകര്യവും അടിയന്തിര ചികിത്സയും.
- ക്ഷീരകർഷകരുടെ കിടാരികളെ ദത്തെടുക്കുന്ന പദ്ധതി
- ഫാം സെക്ടറിലുള്ള കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി
- പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ചുകൊണ്ട് 500 പട്ടികജാതി വനിതകൾക്ക് പശുക്കളെ വാങ്ങുന്നതിന് ധനസഹായം.
- കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക കന്നുകാലി വികസന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ 10000 കർഷകർക്ക് തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം.
- സൗജന്യ നിരക്കിൽ സംഘങ്ങളിൽ വൈക്കോൽ എത്തിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.
- സംഘം ഭരണസമിതിയംഗങ്ങൾക്കും ജീവനക്കാർക്കും കർഷകർക്കും സൗജന്യ പരിശീലന പരിപാടികൾ.

## സി) തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

- സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാൽ വിലയ്ക്ക് പുറമേ കാലിത്തീറ്റ സബ്സിഡി (50 കിലോ ചാക്കൊന്നിന് 300 രൂപ), പ്രൊഡക്ഷൻ ഇൻസെന്റീവ് (2011-12 ൽ ഒഴിച്ച പാലിന് ഒരു രൂപയ്ക്ക് 6 പൈസ ക്രമത്തിൽ), കൂടാതെ മരണാനന്തര ധനസഹായവും, കുട്ടികൾക്ക് സ്കോളർഷിപ്പ്, കിടാരി വളർത്താൻ സബ്സിഡി, മിനിഡെയറികൾക്ക് സൗജന്യ കാലിത്തീറ്റ, സബ്സിഡി നിരക്കിൽ വിര മരുന്ന്, ഫീഡ് സപ്ലിമെന്റ്സ്, സൗജന്യ മൃഗചികിത്സാ മരുന്നുകൾ തുടങ്ങിയ ധനസഹായങ്ങൾ നൽകുന്നു.

(signature)

സെക്ഷൻ ഓഫീസർ